# പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂൺ 2, ബുധൻ

നമ്പർ 6

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

അടിയന്തരപ്രമേയം :

കോവിഡിന്റെ രണ്ടാം തരംഗത്തിൽ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന രോഗവ്യാപനവും ഉയർന്ന മരണനിരക്കും വാക്സിന്റെ ലഭ്യതക്കുറവുംമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി കുറയ്ക്കുകയോ വിലനിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ സി. എച്ച്. കുഞ്ഞമ്പു മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) 2019-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും കായൽ ദ്വീപുകൾക്കും വേമ്പനാട് കായലിനും വേണ്ടിയുള്ള പ്രത്യേക സമഗ്ര പരിപാലന പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ കെ. ബാബു (തൃപ്പൂണിത്തുറ) മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 709/2021(i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. സി. മുകന്ദൻ | മുനയം റെഗുലേറ്റർ കം ബ്രിഡ്ജ് | ജല വിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | മലബാർ ദേവസ്വം ബോർഡ് ശമ്പള പരിഷ്കരണം | പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വികസനവും ദേവസ്വവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ഡി. പ്രസേനൻ | മംഗലം ഡാം വീട്ടിക്കൽ കടവ്, മമ്പാട് - പൂവ്വത്തിങ്കലട്ടി റോഡുകളുടെ പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | സീ പോർട്ട് - എയർപോർട്ട് റോഡിന്റെ NAD മുതൽ മഹിളാലയം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 6 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. ജെ. വിനോദ് | എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് വികസനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചെലവ് | ആരോഗ്യവും വനിത - ശിശുക്ഷേമവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>ഗവണ്മെന്റ് പ്രമേയം</u> :

കോവിഡ് വാക്സിൻ സൗജന്യവും സമയബന്ധിതവുമായി സംസ്ഥാനത്ത് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ചട്ടം 118 അനുസരിച്ചുള്ള പ്രമേയം ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. ടി. തോമസ്, ശ്രീ. ടി. സിദ്ദിഖ് എന്നിവർ ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സഭ അംഗീകരിച്ചു

1. പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ,

"അതിനാൽ" എന്നതിനുശേഷം "കേരളം ആവശ്യപ്പെടുന്ന" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

തുടർന്ന് താഴെപ്പറയുന്ന പ്രകാരം പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി:

"കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചുകുലുക്കുന്ന മഹാമാരിയായ കോവിഡ്-19-നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യഘട്ടത്തിൽ ലോക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബ്ബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗം തന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ്-19 മഹാമാരിയെ ഉന്മൂലനം ചെയ്യുന്ന ലക്ഷ്യത്തിന് എല്ലാ തലത്തിലുള്ള സർക്കാരുകളും പരമപ്രാധാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗ്ഗം സാമൂഹ്യതലത്തിൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനാണ്. അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവത്രികവുമായി നൽകാൻ കഴിയണം. അതിലൂടെ വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് ഇപ്പോൾ നമുക്കുമുന്നിലുള്ള അടിയന്തരമായ കടമ

വാക്സിൻ ഉൽപ്പാദനത്തിലെ കുറവും, വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ്

വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ-വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽ നിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ വാക്സിൻ സൗജന്യമായി നൽകുന്നതിനുപകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനുപകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുത്താൽ അത് രാജ്യത്തിനുണ്ടാക്കുന്ന സാമ്പത്തിക ലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ കേരളം ആവശ്യപ്പെടുന്ന വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്ക് കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

<u>ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച</u>:

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. രാജഗോപാലൻ

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷനേതാവ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി നൽകി. നന്ദിപ്രമേയത്തിൻമേൽ അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭ തള്ളി. തുടർന്ന് നന്ദിപ്രമേയം വോട്ടിനിടുകയും അംഗീകരിക്കുകയും ചെയ്തു.

2021 ജൂൺ 3-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 2.52-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

## BULLETIN—PART I

(Brief Record of Proceedings)

*Wednesday, June 2, 2021*

**No. 6**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Adjournment Motion:*

After hearing Minister for Health, Women and Child Welfare, the Speaker withheld consent to the moving of an adjournment motion given notice of by Dr. M. K. Muneer and four other Members to the serious situation reported to have arisen in the State consequent on the spread of Covid-19, higher mortality rate and inadequate supply of vaccine doses in the second wave of the epidemic.

*Calling Attention:*

1. Shri C. H. Kunhambu called the attention of the Chief Minister to the necessity to urge the Central Government to reduce tax or effect price control over petroleum products. The Minister made a statement thereto.

2. Shri K. Babu (*Thripoonithura*) called the attention of the Chief Minister to the necessity to implement coastal conservation projects, complying Coastal Regulation Zone Notification, 2019 and special comprehensive projects for preservation of Lake islands and Vembanadu Lake in a time bound manner. The Minister made a statement thereto.

KNPP. 709/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. സി. സി. മുകുന്ദൻ | മുനയം റെഗുലേറ്റർ കം ബ്രിഡ്ജ് | ജല വിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | മലബാർ ദേവസ്വം ബോർഡ് ശമ്പള പരിഷ്കരണം | പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്ക വികസനവും ദേവസ്വവും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. ഡി. പ്രസേനൻ | മംഗലം ഡാം വീട്ടിക്കൽ കടവ്, മമ്പാട്- പൂവ്വത്തിങ്കലട്ടി റോഡുകളുടെ പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 4 | ശ്രീ. അൻവർ സാദത്ത് | സീ പോർട്ട് - എയർപോർട്ട് റോഡിന്റെ NAD മുതൽ മഹിളാലയം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ഒ. ആർ. കേളു | മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേ | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 6 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. ജെ. വിനോദ് | എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് വികസനം | ഗതാഗത വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചെലവ് | ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Government Resolution :*

Smt. Veena George, Minister for Health, Women and Child Welfare moved a resolution under rule 118 urging the Central Government for free and timely dispensing of covid vaccine to state.

Shri N. Samsudheen, Shri P. T. Thomas and Shri T. Siddiqu moved amendments to the resolution.

The following amendment to the resolution was adopted by the House.

1. പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ,

"അതിനാൽ " എന്നതിനു ശേഷം "കേരളം ആവശ്യപ്പെടുന്ന" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

Then the House unanimously adopted the resolution as shown below:

"കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചു കുലുക്കുന്ന മഹാമാരിയായ കോവിഡ്-19-നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ ലോക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബ്ബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗം തന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ്-19 മഹാമാരിയെ ഉന്മൂലനം ചെയ്യുന്ന ലക്ഷ്യത്തിന് എല്ലാ തലത്തിലുള്ള സർക്കാരുകളും പരമപ്രാധാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗ്ഗം സാമൂഹ്യതലത്തിൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനാണ്. അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവത്രികവുമായി നൽകാൻ കഴിയണം. അതിലൂടെ വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് ഇപ്പോൾ നമുക്കുമുന്നിലുള്ള അടിയന്തരമായ കടമ

വാക്സിൻ ഉൽപ്പാദനത്തിലെ കുറവും, വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ-വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽ നിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ വാക്സിൻ സൗജന്യമായി നൽകുന്നതിനുപകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനുപകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുത്താൽ അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ കേരളം ആവശ്യപ്പെടുന്ന വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്ക് കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

*Discussion on the motion of thanks to the Governor's Address:*

Discussion on the Motion of thanks to the Governor's address resumed. The following members took part in the discussion:

Shri A. C. Moideen

Shri. C. R. Mahesh

Shri P. Balachandran

Shri Pramod Narayan

Shri Mons Joseph

Shri T. I. Madhusoodanan

Smt. Kanathil Jameela

Shri Thomas K. Thomas

Shri P. Mammikutty

Shri P. K. Kunhalikutty

Shri M. Rajagopalan

Shri V. D. Satheesan, Leader of Opposition.

Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. The amendments moved were declared lost. The Motion of Thanks was then put to vote and adopted by the House.

The House adjourned at 2.52 p.m. to meet again at 9.00 a.m. on Thursday, June 3, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*